# Malayala Manorama

# 28 August 2018

# After Flood, Farmers, Relief, Subsistence Allowance

# കൈത്താങ്ങ് വേണം, കർഷകർക്ക്

## ആറു മാസത്തേക്കെങ്കിലും ഉപജീവന അലവൻസ്

പ്രളയക്കെടുതിയുടെ കണക്കെടുപ്പുകൾക്കു ശേഷം പുതുജീവിതത്തിലേക്കുള്ള കൂട്ടായ തിരിച്ചുവരവിലാണു കേരളം. ഈ മഹാമുന്നേറ്റത്തിനിടയിൽ പ്രത്യേക പരിഗണനന ലഭിക്കേണ്ട വിഭാഗമാണു കൃഷിക്കാർ. പ്രളയക്കെടുതിയുടെ ഇരകളിൽ ഏറ്റവും ബലഹീനമായ വിഭാഗമായിരിക്കും ഉപജീവനത്തിനായി കൃഷിയെ മാത്രം ആശ്രയിക്കുന്നവർ. പ്രളയജലം അവരുടെ ജീവിതസാഹചര്യങ്ങളാകെ തകർത്തിരിക്കുകയാണ്. കൃഷിയിടം ഒലിച്ചുപോയ കൃഷിക്കാർ എവിടെയാണു കൃഷി ചെയ്യുക? തൊഴുത്തും ഉരുക്കളും പ്രളയജലത്തിൽ നഷ്ടമായ ക്ഷീരകർഷകർ എങ്ങനെയാണു പുതിയ തുടക്കമിടുക?

സംസ്ഥാനത്താകെ 3.09 ലക്ഷം കൃഷിക്കാരുടെ 56,439 ഹെക്ടറിലെ കൃഷി നശിച്ചതായാണു കണക്ക്. 1345 കോടി രൂപയുടെ നഷ്ടം. മഴക്കെടുതിയും പ്രതികൂല കാലാവസ്ഥയും മൂലമുള്ള ഉൽപാദന നഷ്ടം കൂടി പരിഗണിക്കുമ്പോൾ ഇതുവരെ കണക്കാക്കിയതിലും എത്രയോ കനത്ത ആഘാതമാണു കാർഷികമേഖലയെ കാത്തിരിക്കുന്നത്. ആയുഷ്കാലം കൊണ്ട് ഉണ്ടാക്കിയതെല്ലാം മഹാപ്രളയത്തിൽ നഷ്ടമായ കൃഷിക്കാരന്റെ തിരിച്ചുവരവ് മറ്റുള്ളവരേക്കാൾ ദുഷ്കരമാണെന്നു കേരളസമൂഹം മനസ്സിലാക്കണം.

മൊത്തം 25,000 ഹെക്ടറിലേറെ നെൽകൃഷി നശിച്ചു. ഈ മേഖലയിൽ മാത്രം 380.55 കോടി രൂപയുടെ നഷ്ടം. കാർഷികവിളകളുടെ വിലത്തകർച്ചയിൽ ചെറുകിട കർഷകർക്കു താങ്ങായിരുന്ന ക്ഷീരോൽപാദനരംഗത്തും വലിയ നാശമാണുണ്ടായത്. പാലുൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്കുള്ള കേരളത്തിന്റെ മുന്നേറ്റം തന്നെ ഇതുമൂലം തടസ്സപ്പെട്ടേക്കാം. കൂടാതെ, പതിനായിരത്തോളം തൊഴുത്തുകൾ പൂർണമായും ഏഴായിരത്തിൽപരം ഭാഗികമായും നശിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ തേയില, കാപ്പി, ഏലം, കുരുമുളക് തുടങ്ങിയ വിളകൾ പ്രകൃതിക്ഷോഭത്തിൽ വ്യാപകമായി നശിച്ചു. കാപ്പിക്കൃഷിയിൽ മാത്രം 100 കോടി രൂപയുടെ നഷ്ടമാണു കണക്കാക്കുന്നത്. നൂറുകണക്കിനു ഹെക്ടർ ഏലത്തോട്ടങ്ങൾ ഒലിച്ചുപോയിട്ടുണ്ട്. തിരിയിടുന്ന ഘട്ടത്തിലെ അമിതമഴ കുരുമുളക് കൃഷിക്കാർക്കു വലിയ ഉൽപാദന നഷ്ടത്തിനിടയാക്കും. റബർ ഉൽപാദനത്തെയും മഴ സാരമായി ബാധിച്ചു. പച്ചക്കറിക്കൃഷി പൂർണമായി നശിച്ചു. പുഴയോരങ്ങളിലും മറ്റും വ്യാപകമായുണ്ടായിരുന്ന വാഴക്കൃഷി 60 ശതമാനത്തോളം നശിച്ചത് മുഴുവൻ സമയ കർഷകരായ പലരുടെയും ഏക വരുമാനമാണ് ഇല്ലാതാക്കിയത്. വളർച്ചയുടെ പാതയിലായിരുന്ന മൽസ്യക്കൃഷിയും പൂർണമായി തകർന്ന അവസ്ഥയിലാണ്.

എന്നാൽ ഈ കണക്കുകൾ കൃഷിക്കാരെ നിരാശരാക്കരുത്. നഷ്ടപ്പെട്ടതും അതിലേറെയും സ്വന്തം ഇച്ഛാശക്തിയിലൂടെ വീണ്ടെടുത്ത പൂർവികർ നമുക്കു മാതൃകയായുണ്ട്. മനുഷ്യചരിത്രത്തിലുടനീളം ഇത്തരം നഷ്ടപ്പെടലുകളും തിരിച്ചുപിടിക്കലുകളും കാണാം. ഇനിയുള്ള നാളുകൾ കേരളത്തിനും അങ്ങനെ തന്നെയാവണം.

വരുമാനമില്ലാതായ കർഷകനു വിശപ്പടക്കാനുള്ള വക മാത്രം കിട്ടിയതുകൊണ്ടായില്ല. കൃഷി തുടരാനുള്ള സാഹചര്യമുണ്ടാവുകയും വരുമാനം ലഭിച്ചുതുടങ്ങുകയും ചെയ്യുന്നതുവരെ അവർക്കു ജീവിക്കണം. അവരുടെ കുടുംബം പുലരുകയും കൃഷിയിടത്തിൽ വിത്തും വളവും എത്തുകയും വേണം. ഇക്കാര്യം മനസ്സിലാക്കി കൃഷിക്കാരെ സംരക്ഷിക്കാൻ സർക്കാരിനു ബാധ്യതയുണ്ട്.

അതിനാൽ കൃഷിയും മൃഗസംരക്ഷണവും മൽസ്യക്കൃഷിയും ഉപജീവനമാക്കിയവർക്ക് അതിജീവന പദ്ധതികളിൽ പ്രത്യേക പരിഗണന തന്നെ വേണം. ആറു മാസത്തേക്കെങ്കിലും കൃഷിച്ചെലവുകളും ജീവിതച്ചെലവുകളും നിറവേറ്റാനുള്ള ഉപജീവന അലവൻസ് സർക്കാർ നൽകണം. അതോടൊപ്പം പുതിയ കൃഷിക്കുള്ള സഹായനടപടികളും. ഭൂമി നഷ്ടപ്പെട്ടവർക്കു ദീർഘകാലത്തേക്കു സർക്കാർ ഭൂമി പാട്ടത്തിനു നൽകുക, ക്ഷീരകർഷകർക്ക് ഉരുക്കളെ വാങ്ങാൻ സഹായം നൽകുക, തൊഴുത്തുകൾ നിർമിച്ചു നൽകുക, ഉരുക്കൾക്കും കൃഷിക്കാരനും സൗജന്യ ചികിൽസാസഹായം നൽകുക തുടങ്ങിയ കാര്യങ്ങളും അനിവാര്യമാണ്.

നമ്മുടെ കാർഷികമേഖലയുടെ ഭാവിയെക്കുറിച്ചു പുനർവിചിന്തനത്തിനുകൂടി ഈ ദുരന്തം വഴിയൊരുക്കണം. കാലാവസ്ഥാമാറ്റത്തിന്റെ സാഹചര്യത്തിൽ നിലവിലുള്ള കൃഷിരീതികൾ പലതും ആശാസ്യമല്ലെന്നാണു വിദഗ്ധാഭിപ്രായം. എന്നാൽ, സുസ്ഥിരകൃഷിരീതികളിലേക്കു മാറണമെന്ന് ഉപദേശിച്ചതുകൊണ്ടായില്ല. അത്